ശുദ്ധജല വിതരണം ഉറപ്പുവരുത്താൻ നടപടി

6 (*336) ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി' നൽകുമോ :

(എ) ഉപഭോക്താക്കൾക്ക് തികച്ചും ശുദ്ധമായ കുടിവെള്ളമാണ് നൽകുന്നതെന്ന് ഉറപ്പുവരുത്തുവാൻ ഇന്നുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) ഉപഭോക്താവിന് ശുദ്ധജലം ലഭിക്കുന്നതിനുള്ള അവകാശം സംരക്ഷിക്കുന്നതിന് നിയമത്തിൽ ഉള്ള വ്യവസ്ഥകളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ഗ്രാമീണ മേഖലയിലെ ജലവിതരണ സംഭരണികളിൽ ചെളി അടിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉപഭോക്താവിന് മുടക്കം കൂടാതെ കുടിവെള്ളം ലഭിക്കാനുള്ള അവകാശം സംരക്ഷിക്കുന്നതിന് എന്തെല്ലാം നിയമങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) കുടിവെള്ളത്തിന്റെ ഗുണനിലവാരം ഭാരത സർക്കാരിന്റെ ഡ്രിങ്കിംഗ് വാട്ടർ സപ്ലൈ മാനുവലിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന പ്രകാരം വിവിധ ഘടകങ്ങളുടെ തോത് പരിശോധിച്ച് ജലം ശുദ്ധീകരണശാലകളിൽ ശാസ്ത്രീയമായി ശുദ്ധീകരിച്ച് അണു വിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. പ്രധാനപ്പെട്ട ശുദ്ധജലവിതരണ പദ്ധതികളിൽ ജലം ശുദ്ധീകരണശാലകളിൽ ശാസ്ത്രീയമായി ശുദ്ധീകരിച്ചശേഷം ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയാണ് വിതരണം നടത്തുന്നത്. മറ്റു ചെറുകിട ശുദ്ധജലവിതരണ പദ്ധതികളിൽ ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്.

പ്രാഥമിക ഗുണനിലവാരടെസ്റ്റുകൾ ഓരോ ദിവസവും പദ്ധതിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ നടത്താറുണ്ട്. ഇതിനുപുറമേ, ആലുവാ, കോഴിക്കോട് എന്നിവിടങ്ങളിൽ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളുടെ കീഴിലുള്ള ലബോറട്ടറികളിൽ വിവിധ ശുദ്ധജല പദ്ധതികളിൽ നിന്നുള്ള ജലം കൂടെക്കൂടെ പരിശോധിച്ച് വിവരം പദ്ധതികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരെ അറിയിക്കുകയും, മെച്ചപ്പെടുത്താൻ ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ സാംക്രമിക രോഗങ്ങളും മറ്റുമുള്ള അവസരങ്ങളിൽ ജല അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം കൂടുതൽ കർശനമായ ഗുണനിലവാര നിർണ്ണയടെസ്റ്റുകൾ നടത്തിയാണ് വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മിക്കവാറും എല്ലാ പ്രധാനപ്പെട്ട ശുദ്ധജല വിതരണ പദ്ധതികളുടെ ശുദ്ധീകരണശാലകളോടനുബന്ധിച്ച് ജലത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനുള്ള ലബോറട്ടറികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലബോറട്ടറികളിൽ ദിവസവും നടത്തേണ്ട പ്രാഥമിക ഗുണനിലവാരം നിർണ്ണയ ടെസ്റ്റുകൾ (പി.എച്ച് ടർബിഡിറ്റി, റസിഡൻഷ്യൽ ക്ലോറിൻ മുതലായവ) നടത്തി വരുന്നു. എന്നാൽ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളിൽ മേൽപ്പറഞ്ഞ ലബോറട്ടറി സൗകര്യങ്ങൾ നിലവിലില്ല. ഇത്തരം പദ്ധതികളിലെ വെള്ളത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കുവാൻ ഫീൽഡ് ടെസ്റ്റുകിറ്റുകൾ ഉപയോഗിക്കുന്നു.

(സി) കേരള വാട്ടർ അതോറിറ്റി അതിന്റെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നത് കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് ആക്ട്, 1986 പ്രകാരമാണ്. പ്രസ്തുത ആക്ടിൽ ഉപഭോക്തൃ സംരക്ഷണത്തെപ്പറ്റി പ്രതിപാദിക്കുന്നില്ല. എന്നാൽ ഉപഭോക്തൃ സംരക്ഷണനിയമത്തിൽ ഇതിനുവേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളുന്നുണ്ട്.

(ഡി) ഉണ്ട്. ജലവിതരണ സംഭരണികളിൽ ചെളി അടിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ അവ വൃത്തിയാക്കാറുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റി അതിന്റെ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നത് കേരള വാട്ടർ സപ്ലൈ ആന്റ് സീവറേജ് ആക്ട് 1986 പ്രകാരമാണ്. പ്രസ്തുത ആക്ടിൽ ഉപഭോക്തൃ സംരക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. എന്നാൽ ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഇതിനുവേണ്ട വ്യവസ്ഥകൾ ഉണ്ട്.

ജലയാന പഠന ദേശീയോദ്ഗ്രഥന യാത്ര

7 (*337) ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയോദ്ഗ്രഥനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ദേശീയോദ്ഗ്രഥന ക്യാമ്പുകൾ സംഘടിപ്പിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡ് ജലയാന പഠനദേശീയോദ്ഗ്രഥനയാത്ര സംഘടിപ്പിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ജലയാനപഠന ദേശീയോദ്ഗ്രഥനയാത്രയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly